**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൂൺഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന കൂൺഗ്രാമം പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ നിയോജക മണ്ഡലങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി, പേരാവൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ സമഗ്ര കൂൺ ഗ്രാമം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ ധർമ്മടം, തളിപ്പറമ്പ് പയ്യന്നൂർ, കല്ല്യാശ്ശേരി, ഇരിക്കൂർ എന്നീ നിയോജകമണ്ഡലങ്ങളെയാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | കൂൺഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | സമഗ്ര കൂൺഗ്രാമം പദ്ധതി പ്രകാരം ചെറുകിട കൂൺ ഉത്പാദന യൂണിറ്റിന് 11250 രൂപയും, വൻകിട കൂൺ ഉല്പാദന യൂണിറ്റിന് രണ്ടു ലക്ഷം രൂപയും, കൂൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) രണ്ടുലക്ഷം രൂപയും, കമ്പോസ്റ്റ് യൂണിറ്റിന് അൻപതിനായിരം രൂപയും, പാക്ക്ഹൗസിനു രണ്ടു ലക്ഷംരൂപയും, പ്രിസർവെഷൻ യൂണിറ്റിന് ഒരു ലക്ഷം രൂപയും പരിശീലന പരിപാടികൾക്കായി ഒരു ലക്ഷം രൂപയും ഉൾപ്പെടെ ഒരു കൂൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ